പ്രവൃത്തി കരാറുകാരന്റെ ഗ്യാരന്റി പീരിയഡിൽ വരുന്ന ഭാഗമായതിനാൽ കേടുപാടുകൾ തീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പള ഠൗണിൽ വീതി കൂട്ടി ഇന്റർലോക്ക് ചെയ്യുന്നതിനും കമ്പള, ഷിറിയ, നീലേശ്വരം എന്നീ പാലങ്ങളുടെ നവീകരണ ജോലിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കോഴിക്കോട് -ബാലുശ്ശേരി സംസ്ഥാനപാതയ്ക്ക് അന്താരാഷ്ട്ര നിലവാരം

324(T3249) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-ബാലുശ്ശേരി സംസ്ഥാനപാത അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ സംസ്ഥാനപാത കിനാലൂർ വ്യവസായ വളർച്ചാകേന്ദ്രം വരെ (4 കി.മീ. ദൂരം) നീട്ടുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട് .

(ബി) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി വികസിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത റോഡ് ഉൾപ്പെടുന്ന റീഹാബിലിറ്റേഷൻ പാക്കേജുകൾ ബി.ഒ.റ്റി/ ആന്യൂറ്റി രീതിയിൽ കരാർ കൊടുത്ത് വികസിപ്പിക്കുന്നതിനുള്ള ടെൻഡറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച ഓഫറുകളിൽ, കരാറുകാർ ക്വാട്ട് ചെയ്ത ആന്യൂറ്റി തുക വളരെ കൂടുതലായതിനാൽ, റീഹാബിലിറ്റേഷൻ പാക്കേജ് പുനഃക്രമീകരിച്ച് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല .

(ഡി) പരിഗണനയിലില്ല.

ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

325(3250) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

'T' ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly